നം - എൻ2/21836/2014/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 09/07/2014
Phone No. 0471 – 2328438
Email: scholarshipdpi@gmail.com

# സർക്കുലർ

വിഷയം : - പൊതുവിദ്യാഭ്യാസം - ന്യൂനപക്ഷ വിഭാഗം പ്രീ - മെട്രിക് സ്കോളർഷിപ്പ് സ്കീം - 2014-15- വാർഷികവരുമാനത്തെക്കാൾ കൂടിയതുക, വാർഷിക കോഴ്സ് ഫീ അടയ്ക്കുന്ന CBSE/ICSE/അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ അപേക്ഷകൾ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- 08/07/2014 ലെ ഇതേ നമ്പർ തീരുമാനം

ന്യൂനപക്ഷ വിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പ് സ്കീമനുസരിച്ച്, അപേക്ഷ ഹാജരാക്കുന്ന CBSE/ICSE/അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾ, ഉയർന്ന വാർഷിക കോഴ്സ് ഫീസ് സ്കൂളുകളിൽ അടവാക്കുകയും, വാർഷികവരുമാനം കുറച്ച് രേഖപ്പെടുത്തി സ്കോളർഷിപ്പ് തുക കൈപ്പറ്റുകയും ചെയ്യുന്നതിനാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക ലഭിക്കാതെ വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിരിക്കുകയാണ്.

ആയതിനാൽ 2014-15 ലെ ന്യൂനപക്ഷവിഭാഗം പ്രീ-മെട്രിക് സ്കോളർഷിപ്പിന് അർഹത നേടുവാൻ, CBSE/ICSE/അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളുകളിൽ ഹാജരാക്കപ്പെടുന്ന അപേക്ഷകളിൽ, വാർഷിക കോഴ്സ് ഫീസിനേക്കാൾ കുറഞ്ഞ വാർഷിക വരുമാനം രേഖപ്പെടുത്തുന്ന അപേക്ഷകൾ, കാരണം സൂചിപ്പിച്ച് നിരസിക്കുവാൻ എല്ലാ CBSE/ICSE/അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളധികാരികളോടും ഇതിനാൽ അറിയിക്കുന്നു.

ഓൺലൈൻ എൻട്രി പൂർത്തിയാക്കിയശേഷം വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനു CBSE/ICSE/അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളുകളിൽ നിന്നും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ ഹാജരാക്കപ്പെടുന്ന അസ്സൽ അപേക്ഷകളും, ക്രോഡീകരിച്ച ലിസ്റ്റും, വെബ്സൈറ്റുമായി ഒത്തുനോക്കി, മേൽപ്പറഞ്ഞ സ്കൂളുകളിൽ അടവാക്കുന്ന വാർഷിക കോഴ്സ് ഫീയേക്കാൾ കുറഞ്ഞ വാർഷിക വരുമാനം രേഖപ്പെടുത്തിയ അപേക്ഷകൾ കണ്ടെത്തുകയാണെങ്കിൽ, കാരണം രേഖപ്പെടുത്തി മടക്കി നൽകുവാനും, പ്രസ്തുത അപേക്ഷകരുടെ ഡാറ്റ, വെബ്സൈറ്റിൽ നിന്നും Delete ചെയ്യുവാനും ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ് :-

1. എല്ലാ CBSE/ICSE/അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളധികാരികൾക്കും
(ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
2. എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടിഅറ്റ്സ്കൂൾ, പൂജപ്പുര, തിരുവനന്തപുരം :- അപേക്ഷകരുടെയും, രക്ഷകർത്താക്കളുടെയും അറിവിനായി www.scholarship.itschool.gov.in എന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള അടിയന്തിര നടപടിയ്ക്കായി.
4. കരുതൽ ഫയൽ